പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1245 07.06.2018-ൽ മറുപടിക്ക്

## ദേശീയ പാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹുജന പ്രക്ഷോഭം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.ടി.ബൽറാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയ പാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ സംസ്ഥാനത്തെ പല ഭാഗത്തും ബഹുജന പ്രക്ഷോഭം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) കണ്ണൂർ, മലപ്പുറം ജില്ലകളിൽ ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിരുന്നു. ആയത് സർക്കാർ തലത്തിൽ വിവിധ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ജനങ്ങളുടെ പരാതികൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ദേശീയ പാത വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിക്ക് കൂടുതൽ വില നൽകാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ടോ; | (ബി) ദേശീയപാത വികസനത്തിന് ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത് ബന്ധപ്പെട്ട തഹസിൽദാർ (CALA) 2013-ലെ പരിഷ്കരിച്ച (RFCTLARR) ഭൂമി പൊന്നുംവില നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. |
| (സി) കർണ്ണാടകയിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് കേരളത്തെക്കാൾ അധികവില നിശ്ചയിച്ചതായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; | (സി) ബഹു.കേന്ദ്ര മന്ത്രി ശ്രീ.നിധിൻ ഗഡ്കരി 28/04/2018-ൽ ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളത്തു വെച്ച് നടത്തിയ അവലോകനയോഗത്തിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്തെ ഭൂമിക്ക് കൂടിയ വില അനുവദിക്കുന്നതിന് പകരമായി ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുവാൻ കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാരിന് സൗജന്യമായി സ്ഥലം വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇപ്രകാരം വിട്ട് കൊടുക്കേണ്ടത് എന്നറിയിക്കാമോ? | (ഡി) ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് കാസർഗോഡ് ജില്ലയിൽ 35 ഏക്കറോളം ഭൂമി പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസ്തുത ഭൂമിയുടെ യോജ്യത പരിശോധിച്ചു വരികയാണ്. |

S. Bindu

സെക്ഷൻ ഓഫീസർ